**കേരള കാർഷിക സർവ്വകലാശാല**

കാർഷിക ഗവേഷണ കേന്ദ്രം
കല്ലുങ്കൽ, തിരുവല്ല,
ഫോൺ: 0469 2604181

നം.എ.ആർ.എസ്.ll/2025/2023 തീയ്യതി : 30.11.2023

**പുനർ ലേല/ ദർഘാസ് പരസ്യം**

തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിലെ 2023-24 സീസണിൽ കൃഷി ചെയ്യുതും ഫാമിലെ ശർക്കര ഉത്പാദനത്തിന ആവശ്യമായി വരുന്നതു കഴിച്ച് ഏകദേശം 80 ടൺ കരിമ്പ് വില്ക്കുന്നതിന് മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

മുദ്ര വച്ച ദർഘാസുകൾ കാർഷിക ഗവേഷണ കേന്ദ്രം ഓഫീസിൽ **2023** ഡിസംബർ മാസം 12 -ാം തീയ്യതി പകൽ **11.00** മണിക്കകം ലഭിച്ചിരിക്കണം. അന്നേ ദിവസം **11.30** മണിക്ക് അപ്പോൾ ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ കരിമ്പ് പരസ്യമായി ലേലം ചെയ്യുന്നതും അതിനു ശേഷം ദർഘാസുകൾ തുറക്കുന്നതുമാണ്. ലേലത്തിലോ ദർഘാസിലോ വാഗ്ദാനം ചെയ്തിട്ടുള്ളതിൽ വച്ച് ഏറ്റവും ഉയർന്ന നിരക്ക് അന്നത്തെ മാർക്കറ്റ് നിലവാരമനുസരിച്ച് ന്യായമെന്ന് തോന്നുന്ന പക്ഷം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുന്നതാണ്.

**നിബന്ധനകൾ :**

1. ഓരോ ദർഘാസിനോടൊപ്പവും 3000/-രൂപ (മൂവായിരം രൂപ മാത്രം) നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം പണമായോ ഡിമാൻഡ് ഡ്രാഫ്റ്റായോ പ്രൊഫസർ ആൻറ് ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, കല്ലുങ്കൽ എന്ന വിലാസത്തിൽ എസ്.ബി.ഐ. എം.ജി.എം.എച്ച്.എസ്. ബ്രാഞ്ചിൽ മാറത്തക്കവിധം നൽകേണ്ടതാണ്.
2. ലേലത്തിൽ മാത്രം പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് ലേലദിവസത്തിലും സമയത്തും ഹാജരായി 3000/- രൂപ കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
3. കരിമ്പ് ടൺ ഒന്നിനു നല്കാവുന്ന ഏറ്റവും കൂടിയ നിരക്ക് ദർഘാസിൽ കാണിച്ചിരിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന ദർഘാസുകാരന്റെ ദർഘാസ് അല്ലെങ്കിൽ ലേലത്തിൽ ഏറ്റവും കൂടുതൽ വിളിക്കുന്ന തുക അംഗീകരിക്കുന്നതും ദർഘാസുകാരൻ/ ലേലം കൊണ്ട ആൾ സെക്യൂരിറ്റിയായി ലേലം പിടിച്ച തുകയുടെ 1/3 ഭാഗം (നിരതദ്രവ്യം ഉൾപ്പടെ) ഏഴു ദിവസത്തിനകം ഓഫീസിൽ അടച്ച് രസീതു വാങ്ങേണ്ടതുമാണ്.

4. ഈ കേന്ദ്രത്തിൽ നിന്നും നടപ്പ സീസണിൽ നൽകുന്ന കരിമ്പിന്റെ മുഴുവൻ തുകയും അടച്ച് കരിമ്പ് ഫാമിൽ നിന്നും നീക്കം ചെയ്യുകയും കേരള കാർഷിക സർവ്വകലാശാലയുമായുള്ള ബാദ്ധ്യതകൾ തീർന്നതായി ബോദ്ധ്യം വരുകയും ചെയ്ത ശേഷം മാത്രം നിരതദ്രവ്യം മടക്കി നല്കുകയോ അവസാന വിൽപ്പനയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതാണ്. മറ്റുള്ളവരുടെ നിരതദ്രവ്യം മടക്കിക്കൊടുക്കുന്നതാണ്.
5. ഗവേഷണ കേന്ദ്രത്തിന്റെ ചെലവിൽ കരിമ്പ് വെട്ടി അതാതുസ്ഥലത്ത് വച്ച് തൂക്കി ലോഡ് ചെയ്ത കൊടുക്കുന്നതാണ്. ഇപ്രകാരം ലോഡ് ചെയ്ത് ഏൽപിക്കുന്ന കരിമ്പിന്റെ വില ഓഫീസിൽ അടച്ചശേഷം മാത്രമേ സ്ഥലത്ത് നിന്നും കരിമ്പ് കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളൂ. ഇപ്രകാരം കൊണ്ടുപോകുന്നത് പ്രവൃത്തി ദിവസങ്ങളിലും സമയത്തും മാത്രമായി ക്രമീകരിക്കണം.
6. വെട്ടി അതാതു സ്ഥലത്തു വച്ച് തൂക്കി ഏല്പിക്കുന്ന കരിമ്പ് ദർഘാസുകാരന്റെ/ ലേലം പിടിച്ച ആളിന്റെ ചുമതലയിൽ അപ്പപ്പോൾ കൊണ്ടുപോകേണ്ടതാണ്. ഇതിലേക്കായി കരിമ്പ് വെട്ടുന്ന മുറക്ക് കരിമ്പ് ലോഡ് ചെയ്യുന്നതിനായി യഥാസമയം വാഹനം എത്തിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ നഷ്ടമായ കരിമ്പിന്റെ തുക ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.
7. ഒരിക്കൽ തൂക്കിയ കരിമ്പ് ഏതെങ്കിലും തരത്തിൽ നഷ്ടപ്പെട്ടാൽ അധികൃതർക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.
8. അംഗീകരിച്ച ദർഘാസുകാരൻ അഥവാ ലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളിച്ചയാൾ കാർഷിക ഗവേഷണ കേന്ദ്രം മേധാവിയുമായി 200/- രൂപ മുദ്രപ്പത്രത്തിൽ കരിമ്പ് വാങ്ങുന്നതു സംബന്ധിച്ച് ഒരു കരാറിൽ ഏർപ്പെടേണ്ടതും കരാർ പ്രകാരം പ്രവർത്തിക്കേണ്ടതുമാണ്.
9. കരാർ ലംഘനം മൂലം കാർഷിക സർവ്വകലാശാലക്കുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കും.
10. ഏതൊരു ദർഘാസും/ ലേലവും നിരുപാധികം അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം കാർഷിക ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും. താമസിച്ചു ലഭിക്കുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
11. അംഗീകരിച്ച് ദർഘാസുകാരൻ/ ലേലത്തിൽ ഏറ്റവും കൂടുതൽ തുക വിളിച്ചയാൾ മേധാവിയുമായി കരിമ്പു വെട്ടുന്നതു സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടശേഷം ഫാമിൽ നിന്നും വെട്ടിത്തരുന്നതനുസരിച്ച് ദർഘാസിനു വിധേയമായി കരിമ്പ് മുഴുവൻ ഫാമിൽ നിന്നും വാങ്ങേണ്ടതാണ്. കരിമ്പു വെട്ടിത്തുടങ്ങിയ ശേഷം അതാതു ദിവസങ്ങളിലുള്ള കരിമ്പ് മുഴുവനും മുടക്കം കൂടാതെ നീക്കം ചെയ്യേണ്ടതാണ്.
12. ഈ കേന്ദ്രത്തിലേക്ക് ആവശ്യം വരുന്ന കരിമ്പ് വെട്ടിയെടുക്കുന്നതിനുള്ള അധികാരം കാർഷിക ഗവേഷണ കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

13. ഈ കേന്ദ്രത്തിലേക്ക് ആവശ്യം വരുന്നതൊഴികെയുള്ള മുഴുവൻ കരിമ്പും അംഗീകൃത നിരക്കിൽ വാങ്ങാനുള്ള നിയമപരമായ ബാധ്യത കരാറുകാരന് ഉണ്ടായിരിക്കുന്നതാണ്.
14. കരാറുകാരൻ മുഖേന എന്തെങ്കിലും നഷ്ടം ഫാമിൽ സംഭവിച്ചാൽ, അത് കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.
15. കരക്കുടിശ്ശിക നിയമം ഉൾപ്പെടെ കേന്ദ്ര/ കേരള സർക്കാരിന്റെ എല്ലാ ലേല വ്യവസ്ഥകളും ഈ ദർഘാസിനും/ ലേലത്തിനും ബാധകമായിരിക്കും.
16. ലേലം നടത്തുവാൻ തീരുമാനിച്ചിട്ടുള്ള ദിവസം അവിചാരിതമായി ഓഫീസിനു അവധിയോ മുടക്കമോ വന്നാൽ അടുത്ത പ്രവൃത്തി ദിവസം ലേലം നടത്തുന്നതായിരിക്കും.

ലേലം ചെയ്യുന്ന കരിമ്പ് ഓഫീസ് സമയങ്ങളിൽ ഹാജരായി വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ നേരിട്ട് ഹാജരായി അന്വേഷിക്കാവുന്നതാണ്.

ഒപ്പ്/-
ഡോ.ഷാജൻ.വി.ആർ.
പ്രൊഫസർ ആൻറ് ഹെഡ്

ടു

നോട്ടീസ് ബോർഡ്, മുനിസിപ്പൽ ഓഫീസ്, തിരുവല്ല
നോട്ടീസ് ബോർഡ്, നെടുമ്പ്രം ഗ്രാമപഞ്ചായത്ത്
നോട്ടീസ് ബോർഡ്, കുറ്റൂർ ഗ്രാമപഞ്ചായത്ത്
നോട്ടീസ് ബോർഡ്, പുളിക്കീഴ് ബ്ളോക്ക്പഞ്ചായത്ത്
നോട്ടീസ് ബോർഡ്, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത്
നോട്ടീസ് ബോർഡ്, കുറ്റൂർ കൃഷി ഭവൻ
നോട്ടീസ് ബോർഡ്, നെടുമ്പ്രം കൃഷി ഭവൻ
നോട്ടീസ് ബോർഡ്, തിരുവൻവണ്ടൂർ കൃഷി ഭവൻ
നോട്ടീസ് ബോർഡ്, തിരുവല്ല കൃഷി ഭവൻ
നോട്ടീസ് ബോർഡ്, ഓഫീസ്

പകർപ്പ് : ഫാം മാനേജർ/ ഫാം ഇൻ ചാർജ്/ സർക്കുലർ/ കരുതൽ ശേഖരം

//ഉത്തരവിൻ പ്രകാരം//

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്